**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 780 — 10.06.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിന്റെ പദ്ധതി വിനിയോഗം

| | **ചോദ്യം**<br>**ശ്രീ.പി.സി. ജോർജ് :** | | **ഉത്തരം**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |
|---|---|---|---|
| (എ) | 2018 -19 സാമ്പത്തികവർഷം പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിന് സംസ്ഥാനസർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്; അതിൽ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | 2018-19 സാമ്പത്തികവർഷം പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതികൾക്കായി 20% പദ്ധതി വെട്ടിക്കുറവിനുശേഷം 1194.86 കോടി രൂപ അനുവദിച്ചിരുന്നു. ആയതിന്റെ 93% ആയ 1115.93 കോടി രൂപ ചെലവഴിച്ചു.<br>2018-19 സാമ്പത്തികവർഷം പട്ടികവർഗ്ഗ വികസന വകുപ്പിന് പദ്ധതി വെട്ടിക്കുറവിനു ശേഷം 470.63 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക ചെലവഴിച്ചു. |
| (ബി) | 2018-19 സാമ്പത്തികവർഷം പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിന് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി എത്ര രൂപ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി പട്ടികജാതി വികസന വകുപ്പിന് 319.98 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ PMAGY പദ്ധതിയ്ക്കായി 10.40 ലക്ഷം രൂപയും, എസ്.സി.എ റ്റു എസ്.സി.എസ്.പി പദ്ധതിയ്ക്കായി 11.37 കോടി രൂപയും മാത്രമാണ് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായത്. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതി- കൾക്കായി 259.53 കോടി രൂപ ചെലവഴിക്കുകയുണ്ടായി .<br>പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് (50%, 75%, 100%) 8230.02 ലക്ഷം രൂപ വകയിരുത്തിയതിൽ കേന്ദ്ര റിലീസ് അനുസരിച്ച് 4680.43 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ